# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2590</u> <u>10.12.2014 ൽ മറുപടി നല്കേണ്ടിയിരുന്നത്</u>
(അന്തിമ മറുപടി)

## മാവൂർ, ചെറൂപ്പ സി.എച്ച്.സിയും പി.എച്ച്.സിയും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.റ്റി.എ. റഹീം | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് മാവൂർ പഞ്ചായത്തിലെ ചെറൂപ്പ സി.എച്ച്.സി. പൂർണ്ണമായും കോഴിക്കോട് മെഡിക്കൽ കോളേജിന്റെ നിയന്ത്രണത്തിലാക്കിയിട്ടുണ്ടോ;<br><br>(ബി) എങ്കിൽ, ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) യും (ബി) യും | കോഴിക്കോട് ജില്ലയിലെ മാവൂർ പഞ്ചായത്തിലെ ചെറൂപ്പ പി.എച്ച.സി പൂർണ്ണമായും കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്.ഇത് കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന്റെ അനുബന്ധസ്ഥാപനമാണ്.മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ മാനദണ്ഡമനുസരിച്ച് ഒരു മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നതിന് ഒരു റൂറൽ സബ് സെന്ററും ഒരു അർബൻ സബ് സെന്ററും പ്രസ്തുത മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനങ്ങളായി വേണ്ടതുണ്ട്.ഇതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പി.എച്ച്.സി കോഴിക്കോട് മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനമായി പ്രവർത്തിക്കുന്നത്. ദ്വിഭരണ സമ്പ്രദായത്തിൽ പ്രവർത്തിച്ചിരുന്ന കാലത്ത് പ്രസ്തുത പി.എച്ച്.സിയ്ക്ക് മേൽ ആരോഗ്യവകുപ്പിന് ചില നിയന്ത്രണങ്ങൾ ഉണ്ടായിരുന്നെങ്കിലും ദ്വിഭരണം അവസാനിപ്പിച്ച് സർക്കാർ ഉത്തരവ് ആയ ശേഷം ആരോഗ്യ വകുപ്പിന് കീഴിൽ ഉണ്ടായിരുന്ന മെഡിക്കൽ കോളേജുകളോട് അനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന ആശുപത്രികൾ എല്ലാം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലേക്ക് വന്നത് പോലെ പ്രസ്തുത പി.എച്ച്.സിയ്ക്ക് മേലും ആരോഗ്യവകുപ്പിനുണ്ടായിരുന്ന നിയന്ത്രണം ഒഴിവാക്കുകയും പൂർണ്ണമായും പ്രിൻസിപ്പാളിന്റെ നിയന്ത്രണത്തിൽ ആകുകയും ചെയ്തു. പ്രസ്തുത പി.എച്ച.സിയുടെ നിയന്ത്രണം മെഡിക്കൽ കോളേജിന്റെ നിയന്ത്രണത്തിലാക്കികൊണ്ടുള്ള പ്രത്യേക ഉത്തരവുകളൊന്നും ലഭ്യമല്ല. |

| | |
|---|---|
| (സി) ഇവിടെ ഡി.എം.ഒ.യ്ക്കുകീഴിലെ ജീവനക്കാരെ ഉപയോഗപ്പെടുത്തി മാവൂർ പഞ്ചായത്തിൽ ഇപ്പോഴുള്ള ഹെൽത്ത് സെന്റർ പി.എച്ച്.സി. യാക്കി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ? | (സി) മാവൂർ പഞ്ചായത്തിലെ ഉപകേന്ദ്രം പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്തുന്നത് പ്രായോഗികമല്ല. ഉപകേന്ദ്രത്തിന്റെ ചുമതല മാതൃശിശു സംരക്ഷണമാണ്. |

സെക്ഷൻ ഓഫീസർ